## ആമുഖക്കുറിപ്പ്



മാഗസിൻ പുറത്തിറക്കുക അത്ര എളുപ്പമല്ല; അത്കൊണ്ടുതന്നെ കുററങ്ങളും കുറവുകളും കണ്ടേക്കാം.

എന്നാലും കെട്ടും മട്ടും മനോഹരമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വിഭവം സമൃദ്ധമാണെന്ന് അവകാശപ്പെടുന്നില്ല. പക്ഷേ വ്യത്യസ്ത രുചിക്കാരെ തൃപ്തരാക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടിട്ടില്ലെന്ന വിശ്വാസമുണ്ട.

സഹായവും സഹകരണങ്ങളും നൽകിയവർ ഏറെയുണ്ട്. നന്ദിയെന്ന രണ്ടക്ഷരംകൊണ്ടവരോടുള്ള കടപ്പാട് നിറവേററിക്കൂടല്ലോ!

പരിധിക്കും പരിമിതിക്കുമുള്ളിൽ ഒതുങ്ങിനിന്നാണെങ്കിലും കർത്തവ്യം നിറവേററാൻ കഴിഞ്ഞെന്ന ചാരിതാർത്ഥ്യത്തോടെ.

അബ്ദുറഹിമാൻ പൊയിലൻ

സ്ററുഡൻറ് – എഡിററർ

# പ്രൊഫ: ടി. അബ്ദുള്ളാ സാഹിബ്



ഇരുപത്തെട്ടു കൊല്ലത്തെ പ്രശസ്തമായ സേവനത്തിനു ശേഷം കോമേർസ് ഡിപ്പാർട്ടുമെൻറിലെ പ്രൊഫ: അബ്ദുള്ളസാഹിബ് ഫാറൂക്ക് കോളേജിൽനിന്നു് ഇക്കൊല്ലം പിരിഞ്ഞു. വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും സ്നേഹാദരങ്ങൾ ഇത്രയേറെ നേടിയ ഒരദ്ധ്യാപകൻഫാറൂക്ക്കോളേജിൻെറ മുപ്പതുകൊല്ലത്തെ ചരിത്രത്തിൽ മറെറാരാളുണ്ടെന്നു തോന്നുന്നില്ല. മാത്യൂ ആർനോൾഡിൻെറ ഭാഷയിൽ പറഞ്ഞാൽ മാധുര്യവും വെളിച്ചവും സമ്യക്കായി സമ്മേളിച്ച, സംസ്കാരപൂർണ്ണനായ ഒരു വ്യക്തിയായിരുന്നു പ്രൊഫ: അബ്ദുള്ള സാഹിബ്. ഔദ്യോഗികജീവിതത്തിൽനിന്നു് വിരമിച്ച പ്രൊഫ: അബ്ദുള്ളാ സാഹിബിനു് ഞങ്ങൾ ആയുരാരോഗ്യം നേരുന്നു!

കോളേജ് സർവ്വീസിലിരിക്കെ ഇക്കൊല്ലം രണ്ടുസുഹൃത്തുക്കൾ ഞങ്ങളോടു എന്നന്നേക്കമായി വിട പറയുകയുണ്ടായി. ഒന്നു ചരിത്രവിഭാഗത്തിൽ ഒരദ്ധ്യാപകനായ ശ്രീ: എം. ആർ കുഞ്ഞഹമ്മദ്. മറെറാന്നു് പന്തീരാണ്ടുകാലം തോട്ടക്കാരനായി ജോലിചെയ്തു കോളേജിൻെറ ബാഹ്യസൌന്ദര്യത്തിനു മോടികൂട്ടിയ ശ്രീ: എം. പെരച്ചൻ. ശ്രീ: കുഞ്ഞുമുഹമ്മദിൻെറ ഫോട്ടോ ഞങ്ങൾ മറെറാരിടത്തു് കൊടുത്തിട്ടുണ്ടു് ശ്രീ: പെരച്ചൻെറ ഒരു ഫോട്ടോ കിട്ടാൻ വളരെ ശ്രമിച്ചിട്ടും ഞങ്ങൾ വിജയിച്ചില്ല. ഈ രണ്ടു സുഹൃത്തുക്കളുടെ ചരമത്തിലും ഞങ്ങളുടെ അഗാധമായ ദുഃഖം ഇവിടെ രേഖപ്പെടുത്തട്ടെ.

**പത്രാധിപസമിതി**